*➩ 75-ാം വയസ്സിലാണ് ലോകത്തോട് വിടപറഞ്ഞത് ➩*

**മണ്ണിന്റെ** മഹത്വവും തനത് ജൈവകൃഷി പാരമ്പര്യവും പ്രചരിപ്പിക്കുന്നതിനായി ജീവിതം ഉഴിഞ്ഞുവെച്ച ജൈവകൃഷി ശാസ്ത്രജ്ഞനാണ് നമ്മാൾവാർ. തമിഴകത്തും ഇന്ത്യയിലെമ്പാടും പ്രകൃതികൃഷിയുടെ പ്രചാരകനായി ജീവിച്ച ഒരു പോരാളി. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളിലൂടെ ഇന്ത്യയിലെ കർഷകരെ ചൂഷണം ചെയ്യുന്നതിനെതിരെ പദയാത്രകളും, പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുന്നതിന് മുൻ നിരയിൽ നിന്ന് പ്രവർത്തിച്ചു. 1995 വന്ദന ശിവയുടെ നേതൃത്വത്തിൽ ഓൾ ഇന്ത്യ ഓർഗനിക് ഫാമിങ് അസോസിയേഷൻ രൂപവത്കരിച്ചപ്പോൾ തമിഴ്നാട് കോ-ഓർഡിനേറ്ററായി നമ്മാൾവാർ തെരഞ്ഞെടുക്കപ്പെട്ടു. ജൈവകൃഷിയുടെ ആചാര്യനായ ഫുക്കുവോക്കയോടൊപ്പം പല വിദേശ സർവകലാശാലകളിലും പ്രബന്ധാവതാരകനായി സഞ്ചരിച്ചു.

# നമ്മുടെ നാടിന് നമ്മളുണ്ടാക്കുന്ന ഭക്ഷണം


പ്രമുഖ പരിസ്ഥിതിപ്രവർത്തകനും ജൈവശാസ്ത്രജ്ഞനുമായ നമ്മാൾവാർ, മരണത്തിന് അല്പനാൾ മുമ്പ് പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷണ പരിപാടിയിൽ പങ്കെടുക്കാനായി കോയമ്പത്തൂരിൽ വന്നപ്പോൾ നടത്തിയ സൗഹൃദസംഭാഷണം.

**നമ്മാൾവാർ /**
**വി.എം. ഷൺമുഖദാസ്**

നമ്മാൾവാർ പരിസ്ഥിതി കേന്ദ്രം, കരൂരിലെ വാനകം പ്രകൃതി കൃഷിഫാം, സേഫ് ഫുഡ് അലയൻസ് എന്നീ സ്ഥാപനങ്ങളിലൂടെയായിരുന്നു മാതൃക കൃഷിരീതികൾ പ്രചരിപ്പിച്ചിരുന്നത്. നെല്ലൈ കാപ്പോം, തായ് മണ്ണേ വണക്കം, ഇനി വിതൈകളെ കാപ്പോം തുടങ്ങി ഇരുപതിലധികം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാർ ചുറ്റ്ചൂഴൽ സുടർ ഒളി പുരസ്കാരം നല്കി ആദരിച്ചിട്ടുണ്ട്. 2007 ൽ മധുര ഗാന്ധിഗ്രാം യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകുകയും ചെയ്തു. തഞ്ചാവൂരിലെ കാവേരി തടത്തിൽ കൽക്കരി മീഥേൻ പദ്ധതിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനായി നേതൃത്വം നൽകി വരവെ പട്ടുക്കോട്ടയിലെ ജൈവകർഷകൻ കെ.കെ.ആർ. ലെനിന്റെ വീട്ടിൽ അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്ന നമ്മാൾവാറുടെ ജീവിതം അവിടെ അവസനിക്കുകയായിരുന്നു. 1938ൽ തഞ്ചാവൂർ ജില്ലയിലെ ഇളങ്കാട് ജനിച്ച നമ്മാൾവാർ 75-ാം വയസ്സിലാണ് ലോകത്തോട് വിടപറഞ്ഞത്. ഭാര്യസാവിത്രി. മീനയാണ് മകൾ. നവംബർ അവസാനം പാരമ്പര്യ നെൽവിത്തുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കോയമ്പത്തൂരിലെത്തിയ നമ്മാൾവാറുമായി നടത്തിയ സൗഹൃദ സംഭാഷണത്തിൽ നിന്ന്.

**ജനിതക മാറ്റം വരുത്തിയ വിളകൾക്ക് ഇന്ത്യയിൽ പരീക്ഷണം നടത്താൻ കേന്ദ്രമന്ത്രി അനുമതി നൽ**

*⇨ വിളയാറായ നെൽച്ചെടികൽ പിഴുത് മാറ്റിയാണ് കർഷകർ പ്രതിഷേധിച്ചത് ⇨*



ഫോട്ടോ: വി.എം. ഷൺമുഖദാസ്

**കാൻ നീക്കം നടത്തുന്നതിനെ കുറിച്ച്?**

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ മനുഷ്യസമൂഹത്തിന് സമ്മാനിച്ചത് വിഷലിപ്തമായ കൃഷിരീതികളാണ്. ഉല്പാദനം കൂടുന്നുവെന്നാവകാശപ്പെടുന്നുണ്ടെങ്കിലും പ്രകൃതിയുടെ താളം തെറ്റിക്കുന്ന കൃഷിരീതികളാണ് നമ്മൾ പിൻതുടരുന്നത്. ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിച്ചുള്ള കൃഷി ഒരുതവണ മാത്രമേ സാധ്യമാകൂ. തുടക്കത്തിൽ നല്ല വിളവ് ലഭിക്കും. തുടർന്നുള്ള വിളകൾ മോശമാവും. ഇത് കർഷകരെ ദുരിത്തിലാഴ്ത്തും. ജനിതക മാറ്റം വരുത്തിയ നെല്ലിന്റെ അരി കാൻസർ, അലർജി തുടങ്ങിയ രോഗങ്ങൾക്കിടയാക്കുമെന്ന് അമേരിക്കയിൽ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മോൺസന്റോ കമ്പനിയാണ് ഇത്തരം വിത്തുകൾ പുറത്തിറക്കുന്നത്. പാരമ്പര്യ കൃഷി രീതികൾ കൈവിടുന്നതോടെ ഇന്ത്യയിലെ കാർഷിക മേഖലയുടെയെല്ലാം നിയന്ത്രണം ഈ കമ്പനികൾ കൈയടക്കും. ധർമപുരിക്കടുത്തുള്ള ശിവനഹള്ളി, കന്തകവുണ്ടന്നൂർ എന്നീ ഗ്രാമങ്ങളിൽ 700 ഏക്കറിൽ ബി.ടി പരുത്തി കൃഷി ചെയ്ത കർഷകർക്ക് നാടൻ പരുത്തിയെക്കാൾ കുറഞ്ഞ വിളവാണ് ലഭിച്ചത്. കോയമ്പത്തൂരിനടുത്തുള്ള ആലാന്തുറയിൽ മൈക്കോ കമ്പനി ജനിതക മാറ്റം വരുത്തിയ നെൽവിത്ത് കൃഷി ചെയ്യാൻ പ്രേരിപ്പിച്ചു. ഇതിനെതിരെ വിളയാറായ നെൽച്ചെടികൽ പിഴുത് മാറ്റിയാണ് കർഷകർ പ്രതിഷേധിച്ചത്.

**താങ്കൾ പറയുന്ന സുസ്ഥിര കൃഷിയിലൂടെ ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കുമുള്ള ധാന്യങ്ങൾ ഉണ്ടാക്കാൻ സാധിക്കുമോ?**

ഇന്ത്യയിൽ 65 കോടി കർഷകരുണ്ടെന്നാണ് കണക്ക്. കാർഷിക വിപ്ലവത്തിന് മുൻപ് 90 ശതമാനം കർഷകരും സുസ്ഥിര കൃഷിയാണ് ചെയ്തിരുന്നത്. പിന്നീടാണ് രാസകൃഷി രീതിയിലേക്ക് മറിയത്. കീടനാശിനികളും, രാസവളങ്ങളും ഉപയോഗിച്ചുള്ള കൃഷി, ഓരോ വിളവെടുപ്പ് കഴിയുമ്പോഴും കൂടുതൽ വളം ഉപയോഗിക്കേണ്ട സ്ഥിതിയിലേക്ക് എത്തും. ജൈവകൃഷിക്ക് ഇതിനെ അപേക്ഷിച്ച് ചിലവ് കുറവാണ്. രാസകൃഷിയിൽ നിന്നും പതുക്കെ ജൈവകൃഷിയിലേക്കും പിന്നീട് പ്രകൃതികൃഷിയിലേക്കും മാറുന്നതോടെ കൃഷിയുടെ ചിലവ് കുറയ്ക്കാനും കഴിയും. നമ്മുടെ നാടിന് വേണ്ടത് നമ്മൾ തന്നെ ഉണ്ടാക്കണം. എന്നാൽ മാത്രമെ കഴിക്കുന്നത് വിഷമില്ലാത്ത സാധനങ്ങളാണെന്ന് ഉറപ്പ് വരുത്താൻ കഴിയൂ.

**തമിഴ്നാട്ടിൽ മിക്ക വിളകൾക്കും എൻഡോസൾഫാൻ ഉൾപ്പെടെ മാരക കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടല്ലോ?**

പച്ചക്കറി, മുന്തിരി, വെറ്റില, കറിവേപ്പില ഉൾപ്പെടെയുള്ള കൃഷികൾക്ക് കീടശല്യമൊഴിവ

ക്കാൻ കർഷകർ കീടനാശിനി ഉപയോഗിക്കുന്നുണ്ട്. ഉദുമൽപേട്ട്, പൊള്ളാച്ചി, ഊട്ടി, ചെങ്കൽപ്പെട്ട് എന്നിവിടങ്ങളിലാണ് പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നത്. കാബേജ്, കാരറ്റ്, കോളിഫ്ളവർ തുടങ്ങിയ പച്ചക്കറികൽക്ക് ആഴ്ചയിലൊരിക്കൽ രാസകീടനാശിനി തളിക്കണം. മല്ലിത്തഴ, ചീര, പുതീന എന്നിവയിലും കീടനാശിനി ഉപയോഗിക്കുന്നുണ്ട്. പച്ചക്കറികൾക്ക് നല്ല വലിപ്പവും നിറവും ഉണ്ടാവാൻ പ്രത്യേക മരുന്നുകളും കുത്തിവെക്കുന്നു.

കേരളത്തിലേക്കാണ് ഏറ്റവും കൂടുതൽ പച്ചക്കറിയും മുന്തിരിയും വെറ്റിലയുമൊക്കെ കയറ്റി വിടുന്നത്. ഇത് ഭക്ഷിക്കുന്ന ഉപഭോക്തൃ സംസ്ഥാനമയ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യാവസ്ഥ ഏറെ പരിതാപകരമാണ്. വിദ്യാസമ്പന്നരെന്ന് പറയുന്ന കേരളീയർ വിലകൊടുത്ത് വിഷം വാങ്ങിത്തിന്നുന്ന അവസ്ഥയാണുള്ളത്. തമിഴ്നാട്ടുകാർ, പ്രത്യേകിച്ച് ഗ്രാമീണർ അവരവർക്ക് വേണ്ടുന്ന പച്ചക്കറി ഉണ്ടാക്കി ഉപയോഗിക്കുന്നവരാണ്. നഗരത്തിലെ ടെറസുകളിലും ആവശ്യമുള്ള പച്ചക്കറി വളർത്താൻ തമിഴ്നാട്ടിലുള്ളവർ ശ്രമിക്കുന്നുണ്ട്.

**വണങ്കം എന്ന താങ്കളുടെ പ്രസ്ഥാനം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?**

ജൈവകൃഷി കൃഷി പ്രചരിപ്പിക്കുന്നതിനാണ് വണങ്കം രൂപീകരിച്ചത്. ഇന്ത്യയിലാകമാനം 80,000 ത്തോളം കർഷകർക്കിടയിൽ ബോധവത്കരണം സംഘടിപ്പിക്കാൻ കഴിഞ്ഞു. യുവാക്കൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലുമായിരുന്നു മുഖ്യപ്രചരണം. തമിഴ്നാട്ടിൽ ഒരുപാട് കർഷകർ രാസകൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്കും പിന്നീട് പ്രകൃതികൃഷിയിലേക്കും മാറിയിട്ടുണ്ട്. ബഹുരാഷ്ട്ര കുത്തകകൾക്കെതിരെയുള്ള സമരപരിപാടികളായിരുന്നു മറ്റൊന്ന്. തഞ്ചാവൂരിലെ കാവേരി തടത്തിൽ, സ്വകാര്യ കമ്പനിയുടെ മുൻകൈയിൽ നടക്കുന്ന കൽക്കരി-മീഥേൻ പദ്ധതിക്കെതിരെ കർഷകരെയും നാട്ടുകാരെയും സംഘടിപ്പിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇതിന് പുറമേ തമിഴ്നാട്ടിലെ നൂറോളം ഗ്രാമങ്ങളിൽ മാതൃക പ്രകൃതി കൃഷിതോട്ടം ഉണ്ടക്കാനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ■

**പരിസ്ഥിതി – സാമൂഹിക പ്രവർത്തകർക്കും യുവജനങ്ങൾക്കും**
**ഏകദിന പരിശീലനവും പൊതുചർച്ചയും**

**വനാവകാശ നിയമം 2006 നടപ്പിലാക്കൽ:**
**വനസംരക്ഷണത്തിനും സാമൂഹിക**
**വനവിഭവ മേഖല പരിപാലനത്തിനും**
**ഗോത്രഗ്രാമസഭകളുടെ നിർണ്ണയാധികാരത്തിലൂടെ**

**2014 മാർച്ച് 15 ചങ്ങമ്പുഴ ഹാൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ**
**9.30 മുതൽ വൈകീട്ട് 6.00 വരെ**

സംഘാടകർ:
**വെസ്റ്റേൺ ഘാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ**
**ആരണ്യക്, മതിലകം, തൃശൂർ – 680 685 ഫോൺ: 9995372408,** email: eduwghf@gmail.com
**കേരളീയം, കൊക്കാലെ, തൃശൂർ – 680021. ഫോൺ: 9446586943**

കേരളീയം പുസ്തകശാല തുടങ്ങിവച്ച ഇക്കോളജി രാഷ്ട്രീയം തന്നെ തുടർ ചർച്ചയും

